## പതിമൂന്നാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4026 20.07.2015 - ൽ മറുപടിക്ക്**

## ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ പാലങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ നിലവിൽ നിർമ്മാണത്തിലിരിക്കുന്ന പാലങ്ങൾ എതൊക്കെയെന്നും അവയുടെ നിർമ്മാണ പുരോഗതിയെന്തെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ ; | (എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് റോഡ്സ് വിഭാഗത്തിന്റെ കീഴിൽ ഇരമല്ലിക്കര പാലം, മിത്രമഠം പാലം എന്നിവയും കെ. എസ്. ടി. പി. യുടെ കീഴിൽ പുത്തൻവീട്ടിൽപടി പാലം, കല്ലിശ്ശേരി പാലം, വരട്ടാർ പാലം എന്നിവയുടെയും നിർമ്മാണം നടന്നുവരുന്നു.<br><br>1) ഇരമല്ലിക്കര പാലം - 3 സ്പാനുകളിൽ 2 എണ്ണം പൂർത്തീകരിച്ചു. 3 - ാംമത്തെ സ്പാനിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു.<br><br>2) മിത്രമഠം പാലം - 6 ബീമുകൾ പൂർത്തീകരിച്ചു. ഒരു സ്പാനിലെ ഡെക്ക് സ്ലാബിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്.<br><br>3) പുത്തൻവീട്ടിൽപടി പാലം - പൈലിംഗ് ജോലി, പൈൽ ക്യാപ്, അബട്ട്മെന്റ് വാൾ, ഡെക്ക് സ്ലാബ് കോൺക്രീറ്റ് എന്നിവ പൂർത്തിയായി. |

4) കല്ലിശ്ശേരി പാലം - 40 പൈലുകളിൽ 32 എണ്ണം പൂർത്തിയാക്കി. ബാക്കി പൈലുകളുടെ പ്രവൃത്തി പുരോഗമിക്കുന്നു.

5) വരട്ടാർ പാലം - 25 പൈലുകളിൽ 15 എണ്ണത്തിന്റെ കാസ്റ്റിംഗ് പൂർത്തിയായി. മറ്റുളള-തിന്റെ കാസ്റ്റിംഗ് പുരോഗ-മിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പ്രവൃത്തികളിൽ ഉണ്ടാകുന്ന കാലതാമസം ശ്രദ്ധ-യിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടു-ള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) | ഇരമല്ലിക്കര പാലത്തിന്റേയും മിത്രമഠം പാലത്തിന്റേയും നിർമ്മാണത്തിൽ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രണ്ട് പാല-ങ്ങളുടേയും കരാറുകാരൻ ഒരാൾ തന്നെയാണ്. മിത്രമഠം പാല-ത്തിന്റെ പൂർത്തീകരിച്ച പണിയുടെ ബിൽ തുക ഡിസ്ക്കൗണ്ട് സിസ്റ്റത്തിലൂടെ മാറിക്കിട്ടി-യാലുടൻ പണി തുടരുന്നതാണെന്ന് കരാറുകാരൻ അറിയിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തികൾ ഓരോന്നും പൂർത്തീകരിക്കുവാൻ എന്ത് കാലതാമസം ഉണ്ടാകും എന്ന് വ്യക്തമാക്കുമോ ? | (സി) | ഇരമല്ലിക്കര പാലത്തിന്റേയും മിത്രമഠം പാലത്തിന്റേയും നിർമ്മാണം 2015 ഡിസംബറോടു-കൂടി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പുത്തൻവീട്ടിൽപടി പാലം 2015 ആഗസ്റ്റിലും, വരട്ടാർ പാലം 2016 ജൂണിലും, കല്ലിശ്ശേരി പാലം 2017 മാർച്ചിലും നിർമ്മാണം പൂർത്തി-യാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ